**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ അടിസ്ഥാന മേഖലയിലുണ്ടാക്കിയ വികസന പ്രവർത്തനങ്ങളുടെ ഫലമായി വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി വിശദമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വ്യവസായിക മേഖലയിലുണ്ടായ നിക്ഷേപവർദ്ധവ് വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 1 വരെയുള്ള കാലയളവിൽ, സംസ്ഥാനത്ത് ആകെ 3,00,244 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇത് വഴി 19446.93 കോടി രൂപയുടെ നിക്ഷേപവും 6,38,361 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 2021-22- ൽ 1535.09 ലക്ഷം, 2022-23-ൽ 8421.63 ലക്ഷം, 2023-24-ൽ 7048.65 ലക്ഷം രൂപ എന്ന ക്രമത്തിൽ വ്യവസായിക മേഖലയിൽ നിക്ഷേപ വർദ്ധവ് ഉണ്ടായി.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ പുതിയ നിക്ഷേപവും പുനർനിക്ഷേപവും നടത്തിയ സംരംഭകരുടെ സംഗമം പ്രത്യേകം നടത്തിയിരുന്നു. ഇവരിലൂടെ 15,000 കോടി രൂപയുടെ നിക്ഷേപം പുതുതായി വന്നിട്ടുണ്ട്.<br><br>2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ പൊതുമേഖല സ്ഥാപനമായ കിൻഫ്ര 462 യൂണിറ്റുകൾക്കായി 236 ഏക്കർ ഭൂമിയും 5.85 ലക്ഷം ച.അടി ബഹുനില കെട്ടിടസമുച്ചയവും ആണ് അലോട്ട്മെൻറ് നടത്തിയത്. ഇതുമുഖേന 28,094 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും 2287 കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിൽ എത്തിക്കുവാനും കഴിഞ്ഞു. കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | 2016-21 കാലയളവിൽ നടത്തിയ അലോട്ട്മെന്റും അതുവഴി കേരളത്തിനു ലഭിച്ച നിക്ഷേപവും തൊഴിൽ അവസരങ്ങൾക്കും ഏകദേശം ആനുപാതികമായ നേട്ടം ഈ മൂന്ന് വർഷംകൊണ്ട് കൈവരിക്കാൻ കിൻഫ്രയ്ക്ക് കഴിഞ്ഞു.<br><br>കെ.എസ്.ഐ.ഡി.സി.യിൽ നിന്ന് വായ്പാ സഹായം ലഭ്യമാക്കിയ വിവിധ പദ്ധതികളിലൂടെ 2566 കോടി രൂപയുടെ നിക്ഷേപം കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനനുബന്ധമായി വ്യാവസായിക മേഖലയിലുണ്ടായ മാറ്റം വിശദമാക്കാമോ; | (സി) | (സി) & (ഡി)<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനനുബന്ധമായും അല്ലാതെയും സംരംഭ മേഖലയിൽ വലിയ മാറ്റം 2022-23 സാമ്പത്തിക വർഷം മുതൽ ഉണ്ടായിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അനന്തസാധ്യകൾ കണക്കിലെടുത്തു ഈ പ്രദേശത്തു സ്ഥലം ഏറ്റെടുക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര ശ്രമിക്കുന്നുണ്ട്. ഭൂമി പൂൾ ചെയ്ത് വികസി പ്പിക്കുന്നതിനായി ലാൻഡ് പൂളിങ്ങ് ചട്ടങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു സുപ്രധാന പദ്ധതിയായാണ് കണക്കാക്കപ്പെടുന്നത്, തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനായി വ്യവസായ മേഖലയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വൻകിട ചരക്കുകൾ കൈകാര്യം ചെയ്യുന്ന കമ്പനികളുടെ ഷിപ്പുകൾക്ക് അനായാസം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സേവനങ്ങൾ ഉപയോഗിക്കുവാൻ സാധിക്കുമെന്നതിനാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കേരളത്തിന്റെ തന്നെ ഒരു പ്രധാന ലോജിസ്റ്റിക് ഹബ്ബായി മാറുമെന്നത് സുനിശ്ചിതമാണ്. തുറമുഖം ഉള്ളതുകൊണ്ട്, കപ്പൽ നിർമ്മാണം, റിപ്പയർ, മെന്റനൻസ് മേഖലയിൽ സംരംഭങ്ങൾ സ്ഥാപിക്കാനുള്ള സാധ്യതകളും അതുവഴി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട്, മാരിടൈം, ലോജിസ്റ്റിക്സ് മുതലായ മേഖലകളെ സൺറൈസ് മേഖലകളായി സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ലഭിക്കുന്നതാണ് . സർവീസ് മേഖലയിലെ തൊഴിലുകൾ, ഐ ടി ഇൻഡസ്ട്രിയുടെ സാന്നിധ്യം, വ്യാവസായിക |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ എന്നിവയിലൂടെ വ്യവസായ മേഖലയിൽ ഏറെ മാറ്റം പ്രതീക്ഷിക്കുന്നു.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യത ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രത്യേകമായി ഒരു പുതിയ ലോജിസ്റ്റിസ്ക് പാർക്ക് നയം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ നയപ്രകാരം സംസ്ഥാനത്തു ലോജിസ്റ്റിക്സ് പാർക്കുകളും മിനി പാർക്കുകളും പുതിയതായി സ്വകാര്യ മേഖലയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇങ്ങനെ രൂപീകരിക്കുന്ന പാർക്കുകൾക്ക് നിരവധി ആനുകൂല്യങ്ങൾ ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോജിസ്റ്റിക്സ് പാർക്ക് അല്ലെങ്കിൽ മിനി-ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കുന്നതിനായി ഭൂമിയുടെ ലീസ് കരാർ/വാങ്ങലിന് സ്റ്റാമ്പ് ഡ്യൂട്ടി & രജിസ്ട്രേഷൻ ചാർജുകളിൽ ഇളവ്, അർഹമായ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, ലോജിസ്റ്റിക്സ് പാർക്കിനായി പരമാവധി ₹7 കോടിയും മിനി- ലോജിസ്റ്റിക്സ് പാർക്കിനായി ₹3 കോടിയും വരെ നിക്ഷേപ സബ്സിഡി, തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പുതിയ ലോജിസ്റ്റിക് പാർക്ക് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ സംസ്ഥാന ലോജിസ്റ്റിക്സ് മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന ലോജിസ്റ്റിക്സ് സെൽ, നഗര ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റി മുതലായവ രൂപീകരിക്കുമെന്നും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ പരാമർശിച്ചിട്ടുണ്ട്. |
| (ഡി) | വിഴിഞ്ഞം തുറമുഖ വികസനത്തിനോടനുബന്ധിച്ച് വ്യാവസായിക മേഖലയിലെ നിക്ഷേപം ആകർഷിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | മറുപടി (സി ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- 2016 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ കിൻഫ്ര 947 യൂണിറ്റുകൾക്കായി 679 ഏക്കർ ഭൂമിയും 12.46 ലക്ഷം ച.അടി ബഹുനില കെട്ടിടസമുച്ചയവും ആണ് അലോട്ട്മെന്റ് നടത്തിയത്. ഇതുമുഖേന 45,358 ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും 3798 ഓളം കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കൊണ്ടുവരാനും കഴിഞ്ഞു.

- കൊരട്ടി കിൻഫ്ര പാർക്കിലെ പുതിയ SDF കെട്ടിടത്തിന്റെ ഉദ്ഘാടനം: പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ (SDF) 70000 ചതുരശ്ര അടി വിസ്തീർണമുള്ള പുതിയ കെട്ടിടസമുച്ചയത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. ഉദ്ഘാടന അവസരത്തിൽ തന്നെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനു യോഗ്യമായ 50000 ചതുരശ്ര അടി സ്ഥലം സംരംഭങ്ങൾക്കായി അനുവദിച്ചു കൊടുക്കുകയും ചെയ്തു.

- കോവിഡ് സ്കീം : വ്യവസായ ഭദ്രത പോലെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കോവിഡ് പുനരധിവാസ പദ്ധതിയിലൂടെ മുൻ വർഷങ്ങളെ അപേക്ഷിച്ച് നേട്ടമുണ്ടാക്കാനും കഴിഞ്ഞു. പാൻഡെമിക് സാഹചര്യത്തിൽ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനാണ് പദ്ധതി പ്രധാനമായും അവതരിപ്പിച്ചത്. നിരവധി സംരംഭകർ ഈ പദ്ധതി പ്രയോജനപ്പെടുത്തി. ഈ കാലയളവിൽ കൂടുതൽ വ്യാവസായിക ഭൂമി അനുവദിക്കുന്നതിന് ഇത് സഹായിച്ചു. ഇതുമൂലം കൂടുതൽ നിക്ഷേപം സംസ്ഥാനത്തിനകത്ത് സൃഷ്ടിക്കാൻ കഴിഞ്ഞു.

- കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി സ്ഥലം ഏറ്റെടുക്കൽ: വ്യവസായവത്ക്കരണവും വ്യവസായ പുരോഗതിയും കൈവരിക്കാനായുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രത്യേക പദ്ധതിയാണിത്. സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല വ്യവസായ വകുപ്പിലെ പൊതുമേഖലാസ്ഥാപനമായ കിൻഫ്രയ്ക്കാണ്. പാലക്കാടിൽ (ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്) 1400 ഓളം ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. കേന്ദ്ര സർക്കാർ 28.08.2024 ന് 3806 കോടി രൂപയ്ക്ക് പാലക്കാടുള്ള ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകി. CCEA അംഗീകാരത്തിന് പുറമെ, തുടർന്നുള്ള നടപടിക്രമങ്ങൾ പ്രാപ്തമാക്കുന്നതിന് കേന്ദ്ര സർക്കാരും കേരള സർക്കാരും തമ്മിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം വേഗത്തിലാക്കാൻ സംസ്ഥാനം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. പാലക്കാട് നോഡിൽ 10,000 കോടി രൂപയുടെ നിക്ഷേമാണ് പ്രതീക്ഷിക്കുന്നത്. 22,000 ഓളം നേരിട്ടും 80,000 പരോക്ഷവുമായ

തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഈ വ്യവസായ ഇടനാഴിയിലൂടെ പ്രതിവർഷം സംസ്ഥാന ഖജനാവിലേക്ക് 600 കോടി രൂപ മുതൽ കൂട്ടാൻ സാധിക്കും.

- പ്രമുഖ കമ്പനികളുടെ വ്യവസായ നിക്ഷേപം: ഈ കാലയളവിൽ പ്രമുഖ സ്ഥാപനങ്ങൾ ആയ ടി.സി.എസ്, ടാറ്റ എലക്സി, വി-ഗാർഡ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഹൈകോൺ, വിൻ-വിഷ് ടെക്നോളജിസ്, ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് കോ, ജോളി കോട്സ്, ഡി -സ്പേസ്, ജെൻറോബോട്ടിക്സ് എന്നിവർക്ക് അലോട്ട്മെന്റ് കൊടുക്കാൻ സാധിച്ചു.

- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി-ടു മൂവ് ഇൻ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു. ഈ കാലയളവിൽ, അലോട്ട്മെന്റിന്റെ 90% പൂർത്തിയായി.

- കിൻഫ്ര സ്പൈസസ് പാർക്ക് ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി, 2023 ഒക്ടോബർ 14-ന് പാർക്ക് ഉദ്ഘാടനം ചെയ്തു. 80% ഭൂമിയും അനുവദിച്ചു കഴിഞ്ഞു.

- ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, (IECC) കാക്കനാട്, കൊച്ചി - എക്സിബിഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 2024 ഫെബ്രുവരി 4 ന് ഉദ്ഘാടനം ചെയ്തു.

- കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ SEZ-ൽ ഏകദേശം രണ്ട് ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒമ്പത് നിലകളിലായി ഒരു അത്യാധുനിക ഐ.ടി കെട്ടിടം (ഘട്ടം -1) പൂർത്തീകരിച്ചു. പ്രമുഖ MNC കമ്പനിയായ ടാറ്റ എലക്സിക്ക് കെട്ടിടം പൂർണമായും അനുവദിച്ചു

- മലപ്പുറം, കാക്കഞ്ചേരി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ 1 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (നിയോസ്പേസ് 11) പൂർത്തിയായി, ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്കായി പൂർണ്ണമായും അനുവദിച്ചിരിക്കുന്നു.

- ടി സി എസ് ഇന്നൊവേഷൻ പാർക്ക് ഏകദേശം 700 കോടി രൂപ മുതൽമുടക്കിൽ ഇലക്ട്രോണിക് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാടിൽ 36.84 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് ഹാർഡ്‌വെയറിനും ഐടി/ഐടി.ഇ.എസിനുമായി ഒരു കാമ്പസ് പ്രവർത്തിപ്പിക്കാൻ ടിസിഎസ് ലിമിറ്റഡ് ഉദ്ദേശിക്കുന്നു. കൂടാതെ ഏകദേശം 10,000 ജീവനക്കാരെ ഉൾക്കൊള്ളിക്കാം. നിർദിഷ്ട പദ്ധതിക്ക് ടി സി എസ് ഇന്നൊവേഷൻ പാർക്ക് എന്ന് പേരിടും.

- കിൻഫ്ര 128 ഏക്കർ ഭൂമിയിലാണ് പാർക്ക് വികസിപ്പിച്ചിട്ടുള്ളത്. വെള്ളം, വൈദ്യുതി, റോഡ്, ഡ്രെയിനേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പാർക്കിൽ ലഭ്യമാണ്. പാർക്കിൽ അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുകയാണ്. 48,686.18 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടമാണ് പദ്ധതിയിലുള്ളത്. 12 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. എസ്.ഡി.എഫ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 2024 ഒക്ടോബർ 1 ന് എസ്.ഡി. എഫ് കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങ് നടന്നു. 70% അലോട്ട്മെന്റ് നൽകിക്കഴിഞ്ഞു.

- ഗ്രാഫീൻ പാർക്ക്, കിൻഫ്ര ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം: ഗ്രാഫീനിന് അനുകൂലമായ ഒരു സംസ്ഥാന ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ ഒരു കേരള ഗ്രാഫീൻ വികസിപ്പിച്ചെടുത്തു. ഈ നയം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയാണ്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിനായി ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ ബിൽറ്റ്-അപ്പ് ഏരിയകളും സ്ഥലവും ഏറ്റെടുക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഗ്രാഫീൻ പാർക്കിനായി ഏകദേശം 60,000 ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയും അലോട്ട് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 10 ഏക്കറോളം സ്ഥലം നിർദ്ധിഷ്ട പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്നു.

- സംസ്ഥാനം നേരിടുന്ന വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്വകാര്യ വ്യവസായ പാർക്കുകളും സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറികളും (SDF) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം 2022 പദ്ധതി പ്രകാരം വ്യവസായ എസ്റ്റേറിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു സ്വകാര്യ പാർക്കിന് സർക്കാർ ധനസഹായം നൽകുന്നു.

- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്കീം നിലവിൽ വന്നു.

2023 ൽ പുതിയ ലാന്റ് അലോട്ട്മെന്റ് & അസൈൻമെന്റ് റൂൾ നിലവിൽ വന്നതോടുകൂടി വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ഡെവലപ്മെന്റ് ഏരിയ/ പ്ലോട്ടിലേക്കുള്ള അലോട്ട്മെന്റ് കൈമാറ്റം ചെയ്യൽ പട്ടയം നൽകൽ എന്നിവയും ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റും സുഗമമാക്കാൻ കഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കൽപ്പാടത്ത് രണ്ടു ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണവും പൂർത്തീകരിച്ചു.

- വ്യവസായികാവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി കേരളത്തിൽ വിവിധ പ്രദേശങ്ങളിലായി വ്യാവസായിക വളർച്ചാകേന്ദ്രങ്ങൾ, മെഗാ ഫുഡ് പാർക്ക്, ചേർത്തല വ്യവസായ പാർക്ക് , കുറ്റ്യാടി, KIZ പാലക്കാട്, ബിസിനസ് പാർക്ക്, അങ്കമാലി, കാസറഗോഡ് ഇൻഡസ്ട്രിയൽ സ്പേസ് തുടങ്ങിയവ വികസിപ്പിക്കുന്നു. ഇത് കൂടാതെ, ലൈഫ് സയൻസ് മേഖലയിലെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി ലൈഫ് സയൻസ് പാർക്ക് , മെഡിക്കൽ ഡിവൈസസ് പാർക്ക് തുടങ്ങിയവയും വികസിപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ